# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 85 | 01/03/2017-ലെ മറുപടിയ്ക്ക്

## വാത്സല്യനിധി പദ്ധതി

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. മുഹമ്മദ് മുഹസിൻ. പി.<br>ശ്രീമതി. സി.കെ. ആശ | | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി വാത്സല്യനിധി പദ്ധതി നടപ്പാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വാത്സല്യനിധി എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് പട്ടികജാതി പെൺകുട്ടികൾക്കുള്ള ഒരു ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതിയാണ്. ഗുണഭോക്താവിന്റെ പേരിൽ, 1,38,000/- രൂപ 4 ഘട്ടങ്ങളിലായി നിക്ഷേപിക്കുന്നു. ടി ഗുണഭോക്താവിന് 18 വയസ് പ്രായപൂർത്തിയാകുമ്പോൾ 3,00,000/- രൂപ ലഭിക്കുന്നതാണ്. ഇൻഷ്വർ ചെയ്യപ്പെടുന്ന പെൺകുട്ടിയുടെ ജനന രജിസ്ട്രേഷൻ, പ്രതിരോധ കുത്തിവയ്പുകൾ, സ്കൂൾ അഡ്മിഷൻ, ഉന്നത വിദ്യാഭ്യാസ പദ്ധതി എന്നിവ ഉറപ്പ് വരുത്തുന്നു. വാത്സല്യനിധി പദ്ധതിയിലൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗം പെൺകുട്ടികൾക്ക് അവരുടെ ജനന രജിസ്ട്രേഷൻ, ആരോഗ്യകാര്യങ്ങൾ, വിദ്യാഭ്യാസം, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടുത്തി സമഗ്രമായ വികസനത്തിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡ-ങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ; | (ബി) | ഈ പദ്ധതി പ്രകാരം 2016 - 17 വർഷം മുതൽ ജനിച്ച പട്ടികജാതി പെൺകുട്ടികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ മാതാപിതാക്കളുടെ ഉയർന്ന വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. പെൺകുട്ടി ജനിച്ച് 6 മാസം പ്രായമാകുകയും ജനന രജിസ്ട്രേഷൻ ചെയ്യുകയും ജനിച്ച് ആദ്യ 90 ദിവസത്തിനുള്ളിൽ നിർബന്ധിത പ്രതിരോധ കുത്തിവയ്പ് എടുക്കുകയും നിശ്ചിത അപേക്ഷ ഫോമിൽ ടി പദ്ധതിയ്ക്കായി അപേക്ഷ നൽകുകയും ചെയ്തിരിക്കണം. അർഹരായവർക്ക് പദ്ധതിയുടെ ആദ്യ ഗഡുവായ 30,000/- രൂപ പട്ടികജാതി വികസന വകുപ്പ് നിക്ഷേപിക്കുന്നു. ടി ഗുണഭോക്താവ് 6 വയസ് പൂർത്തിയാകുമ്പോൾ സ്കൂൾ പ്രവേശനം നേടുകയും മറ്റ് നിർബന്ധിത പ്രതിരോധ കുത്തിവയ്പുകളും മെഡിക്കൽ ചെക്കപ്പുകളും പൂർത്തിയാക്കുമ്പോൾ പ്രസ്തുത സാക്ഷ്യപത്രം സമർപ്പിക്കുന്നത് പ്രകാരം പദ്ധതിയുടെ 2-ാം ഗഡുവായ 33,000/- രൂപ നിക്ഷേപിക്കുന്നു. ടി ഗുണഭോക്താവ് 5-ാം ക്ലാസ് പൂർത്തിയാക്കിയതിനു |

| | | | |
|---|---|---|---|
| | | | ശേഷം പദ്ധതിയുടെ 3-ാം ഗഡുവായ 36,000/- രൂപ നിക്ഷേപിക്കുന്നു. ടി ഗുണഭോക്താവ് 10-ാം ക്ലാസ് പൂർത്തിയാക്കിയതിനു ശേഷം പദ്ധതിയുടെ അവസാന ഗഡുവായ 39,000/- രൂപ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപ ഉപരിപഠനത്തിനോ മറ്റ് നിർമ്മാണ വികസന പ്രക്രിയകൾക്കോ ഉപയോഗിക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ദേശസാൽകൃത /സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് പ്രൊപ്പോസലുകൾ ലഭ്യമാക്കുകയും ആയതിലേക്ക് LIC of India യെ നിക്ഷേപക ഏജൻസിയായി സർക്കാർ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. |

Rashmi

സെക്ഷൻ ഓഫീസർ